بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 19.10.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 19.10.18 ന് ഫിലാഡൽഫിയാ(അമേരിക്ക)യിലെ ബൈത്തുൽആഫിയയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഒരുതരത്തിലുള്ള ശിർക്ക് മറഞ്ഞിരുന്നുകൊണ്ട് വിഷത്തിന്റെ സ്വാധീനം ഉണ്ടാക്കുന്നതാണ്. അതായത്,അല്ലാഹുവിനെ ആശ്രയിക്കുകയുംഅവനിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നത് തികച്ചും ഇല്ലാതാവുകയും അല്ലാഹുവിനെ അപേക്ഷിച്ച് കാര്യഹേതുക്കളിവും മറ്റു വസ്തുക്കളിലും കൂടുതൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു.തങ്ങളുടെ ഉദ്യോഗങ്ങളിലും വ്യവഹാരങ്ങളിലും തങ്ങളുടെ ലൗകികതയിൽ വ്യാപൃതരാകുന്നതിലുമാണ് കൂടുതൽ ശ്രദ്ധയുള്ളത്. ഇക്കാരണം കൊണ്ടുതന്നെയാണ് നമസ്കാരത്തിലേക്കും പള്ളികൾ ജനനിബിഡമാക്കിത്തീർക്കുന്നതിലേക്കും ശ്രദ്ധയില്ലാത്തത്.അതുകൊണ്ട്,നാം അല്ലാഹുവിനോട് വിനയാന്വിതരായിക്കൊണ്ട്, അല്ലാഹുവേ നീ ഞങ്ങളെ തികഞ്ഞ വിശ്വാസികളായ ദാസൻമാരാക്കിത്തീർക്കേണമേ എന്നു ദുആ ചെയ്യേണ്ടതാണ്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣ مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝٥

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

തശഹ്ഹുദും തഅവ്വുദും സൂറ:ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ അയ്യദഹുല്ലാഹുതആലാ സൂറാ അത്തൗബയിലെ 18ാം വചനം പാരായണം ചെയ്തു.

اِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ يَخْشَ اِلَّا اللّٰهَ ۟ فَعَسٰۤى اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ ۝١٨

ഈ ആയത്തിന്റെ അർത്ഥമിതാണ്; അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്തു കൊടുക്കുകയും അല്ലാഹുവിനെക്കൂടാതെ മറ്റാരേയും ഭയക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുകയുള്ളൂ. അത്തരക്കാർ നേർമാർഗ്ഗം പ്രാപിക്കുന്നവരിൽപെട്ടേക്കാം.

അൽഹംദുലില്ലാഹ്, അല്ലാഹു നമുക്ക് ഈ നഗരത്തിൽ ആദ്യത്തെ പള്ളി നിർമ്മിക്കുവാനുള്ള സൗഭാഗ്യം തന്നരുളിയിരിക്കുകയാണ്. ഇന്ന് അതിന്റെ ഔപചാരികമായ ഉദ്ഘാടന ചടങ്ങാണ്. ഭൗതികമായ കെട്ടിടങ്ങൾ അല്ലെങ്കിൽ ഭൗതീകമായ ഗുണങ്ങൾ കരസ്ഥമാക്കുന്നതിനായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ ഉദ്ഘാടനങ്ങളുടെ വേളയിൽ പൊതുവെ ഭൗതീകമായ,ബാഹ്യമായ സന്തോഷപ്രകടനങ്ങളാണ് നടക്കുക.അതിലൂടെ അവർ വിളംബരപ്പെടുത്തുന്നത്,അതിലൂടെ ഞങ്ങൾ ഇന്നയിന്ന ഭൗതീക നേട്ടങ്ങളെല്ലാം കരസ്ഥമാക്കുമെന്നാണ്.എന്നാൽ പള്ളിയുടെ ഉദ്ഘാടനം നാം നടത്തുമ്പോൾ, പള്ളി നാം നിർമ്മിക്കുമ്പോൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയാണെന്നും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി അവൻ കല്പിച്ചിട്ടുള്ള കാര്യങ്ങളനുസരിച്ചു പ്രവർത്തിക്കേണ്ടത് ആവശ്യമാണ് എന്ന ചിന്തയോടെയുമായിരിക്കും ചെയ്യുക. അതിൽ എറ്റവും പ്രഥമമായ ഉദ്ദേശ്യം അല്ലാഹുവിനോടുള്ള ഇബാദത്ത് അതർഹിക്കുന്നവിധം പൂർത്തിയാക്കുക എന്നതാണ്,അവൻ നമ്മോടു പറഞ്ഞ പ്രകാരം പൂർത്തിയാക്കുക എന്നതാണ്.

ഹുസൂർ പറഞ്ഞു; ഞാൻ ഓതിയ ആയത്തിൽ അല്ലാഹു നമ്മോടു പറയുന്നത് പള്ളി നിർമ്മിക്കുന്നവരുടെ ഉദ്ദേശ്യമെന്തായിരിക്കണമെന്നും പള്ളി നിർമ്മിക്കുന്നതിന്റെ കടമ നിർവ്വഹിക്കുന്നവർ ആരൊക്കെയാണെന്നുമാണ്. അതിനെ ജനനിബിഡമാക്കീത്തീർക്കുന്നതിനെക്കുറിച്ച് ചിന്തയുള്ളവരാണ് അക്കൂട്ടർ. അതിനെ നല്ല നിലയിൽ നിലനിർത്തണമെന്ന ചിന്തയുള്ളവരാണവർ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണവർ. പറയുകയാണെങ്കിൽ എല്ലാവരും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണ്. എന്നാൽ അതിന്റെ കർമ്മരൂപത്തിലുള്ള പ്രകടനം ആവശ്യമാണെന്ന് അല്ലാഹു പറയുന്നു.കർമ്മരൂപത്തിലുള്ള പ്രകടനം എങ്ങിനെ സാധ്യമാകും?

കർമ്മ രൂപത്തിലുള്ള പ്രകടനത്തിൽ ഒന്ന് ജമാഅത്തായിട്ടുള്ള നമസ്കാരമാണ്. മറ്റൊന്ന് നമസ്കാരത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഹൃദയസാന്നിധ്യവും ശ്രദ്ധ നിലനിർത്തലുമാണ്. ഹദ്റത്ത് മസീഹമൗഊദ്(അ)ന്റെ നിർദ്ദേശങ്ങളിൽ നിന്നും വ്യാഖ്യാനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാകുന്നതും ഇതു തന്നെയാണ്. അതുകൊണ്ട്,നമസ്കാരത്തെ യഥാർത്ഥത്തിൽ നിലനിർത്തുന്നവർ, ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശീലമുള്ളവരും തങ്ങളുടെ ശ്രദ്ധ ആത്മാർത്ഥമായി അല്ലാഹുവിലേക്കാക്കിക്കൊണ്ട് നമസ്കരിക്കുന്നവരുമാണ്. ദുആയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് ശ്രദ്ധയോടെ നമസ്കരിക്കുന്നവരാണ്.

പിന്നീട് പറഞ്ഞു; അവർ സക്കാത്ത് നൽക്കുന്നവരായിരിക്കും. ദീനിനുവേണ്ടി ധനത്യാഗം ചെയ്യുന്നവരായിരിക്കും. അല്ലാഹുവിന്റെ സൃഷ്ടികളുടെ നന്മയ്ക്കായി അവരോടുള്ള

കടമകൾ നിറവേറ്റുന്നതിനായി സാമ്പത്തിക ത്യാഗം ചെയ്യുന്നവരായിരിക്കും. ചുരുക്കത്തിൽ, ഇതൊരു നിസ്സാര കടമയല്ല ഒരു മുഅ്മിനായ മുസ്‌ലിമിനുള്ളത്. അതുപോലെ ഈ പള്ളി ഉണ്ടായതിനുശേഷം, ഇവിടെ വരുന്നവർ അല്ലെങ്കിൽ ഈ പള്ളിയുമായി തങ്ങളെ ബന്ധപ്പെടുത്തി പറയുന്നവരുടെ ഉത്തരവാദിത്വം മുൻപത്തേക്കാൾ വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾ നിങ്ങളുടെ ആരാധനയോടുള്ള കടമകൾ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരുമായിരിക്കണം.അപ്പോൾ മാത്രമേ അല്ലാഹുവിന്റെ അടുക്കൽ നേർമാർഗ്ഗം പ്രാപിച്ചവരിൽ എണ്ണപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ സ്നേഹദൃഷ്ടി പതിഞ്ഞ ആളുകളിൽ എണ്ണപ്പെടുകയുള്ളൂ.ഈ ആയത്തിനു മുൻപുള്ള ആയത്തിൽ അല്ലാഹു പറയുന്നു ബഹുദൈവവിശ്വാസികൾക്ക് പള്ളികൾ നിർമ്മിക്കുവാനോ അവ പരിപാലിക്കുവാനോ ഉള്ള യാതൊരവകാശവുമില്ല. അവരുടെ ഹൃദയങ്ങൾ ദൈവേതരങ്ങളായ ആരാധ്യരെക്കൊണ്ട് നിറഞ്ഞവയാണ്. ആരുടെ ഹൃദയമാണോ ദൈവേതരങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നത് അവർക്ക് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാനേ സാധിക്കുകയില്ല. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കുവാൻ സാധിക്കുകയില്ല. ശിർക്ക് പലതരത്തിലുണ്ട്.ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; ഒന്ന് പ്രകടമായ ശിർക്കാണ് അതിൽ എതെങ്കിലും മനുഷ്യനെയോ കല്ലിനെയോ മറ്റു നിർജ്ജീവ വസ്തുക്കളെയോ ശക്തികളെയോ അല്ലെങ്കിൽ സാങ്കല്പിക ദേവൻമാരേയും ദേവികളെയും ദൈവമായി ആരാധിക്കുന്നു. മറ്റൊരു തരത്തിലുള്ള ശിർക്ക് മറഞ്ഞിരുന്നുകൊണ്ട് വിഷത്തിന്റെ സ്വാധീനം ഉണ്ടാക്കുന്നതാണ്. ഇക്കാലത്ത് അത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിലുള്ള ആശ്രയവും പ്രതീക്ഷയും ഒട്ടും ഇല്ലാതിരിക്കുക എന്നതാണത്. അവിടന്ന് ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് പറയുന്നു; അല്ലാഹുവിനെയപേക്ഷിച്ച് കാര്യഹേതുക്കളിലും മറ്റു വസ്തുക്കളിലുമാണ് കൂടുതൽ പ്രതീക്ഷയുള്ളത്. തങ്ങളുടെ ഉദ്യോഗങ്ങളിലും തങ്ങളുടെ വ്യവഹാരങ്ങളിലും ഭൗതീകതയിൽ വ്യാപൃതരാകുന്നതിലുമാണ് കൂടുതൽ ശ്രദ്ധ. ഇക്കാരണംകൊണ്ടുതന്നെയാണ് നമസ്കാരങ്ങളിലേക്കും പള്ളികൾ ജനനിബിഡമാക്കുന്നതിലേക്കും ശ്രദ്ധയില്ലാത്തത്. അതുകൊണ്ട് നമുക്ക് അല്ലാഹുവിനോട് വിനയാന്വിതരായിക്കൊണ്ട്, അല്ലാഹുവേ നീ ഞങ്ങളെ പരിപൂർണ്ണ മുഅ്മിനായ ദാസൻമാരാക്കേണമേ എന്ന് ദുആ ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്. നാം ഫിലാഡൽഫിയായിൽ വളരെ മനോഹരമായ ഒരു പള്ളി നിർമ്മിച്ചിരക്കുന്നു എന്നതിൽ മാത്രം സന്തോഷിക്കരുത്. മറിച്ച് നാം അതിനോടുള്ള കടമകൾ പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിന്റെ സന്നിദ്ധിയിൽ ഹാജരാകുമ്പോൾ, ഇക്കൂട്ടരാണ് അല്ലാഹുവിനു വേണ്ടി പള്ളിയുണ്ടാക്കുകയും അതിന്റെ കടമകൾ നിറവേറ്റുവാൻ ശ്രമിക്കുകയും ചെയ്തവർ എന്ന ശബ്ദം നാം കേൾക്കുമാറാകണം. അതിനാൽ, ഈ ചിന്ത നമ്മളിൽ ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കണം. ഈ ചിന്തയുണ്ടാകുമ്പോൾ,അതിനുവേണ്ടിയുള്ള ശ്രമം ഉണ്ടാകുമ്പോൾ ഈ പള്ളിയുടെ അനുഗ്രഹങ്ങളും അഭിവൃദ്ധികളും ഈ ലോകത്തു വച്ചുതന്നെ നമുക്കനുഭവിക്കാൻ സാധിക്കുന്നതാണ്.നമ്മുടെ സന്താനങ്ങളും തലമുറകളും ദീനുമായി കൂടിച്ചേർന്നു നിൽക്കുന്നവരാകും. നാം അല്ലാഹുവിന്റെ സന്ദേശത്തെ ഈ പ്രദേശത്ത് പ്രചരിപ്പിക്കുന്നവരാകും. തൗഹീദിനെ ലോകത്ത് നിലനാട്ടുന്നവരും നബി(സ)തിരുമേനിയുടെ പതാക ലോകത്ത് പാറിപ്പറപ്പിക്കുന്നവരുമാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പള്ളി നിർമ്മാണത്തിന്റെ ലക്ഷ്യമായി പറഞ്ഞ ഇക്കാര്യം കൂടിയുണ്ട് അതായത് ഏതു പ്രദേശത്താണോ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനവും സന്ദേശവും എത്തിക്കാൻ ആഗ്രഹിക്കുന്നത് അവിടെ പള്ളിയുണ്ടാക്കുക. അവിടന്ന് പറഞ്ഞു; ഈ സമയത്ത് നമ്മുടെ ജമാഅത്തിന് പള്ളികളുടെ വലിയ ആവശ്യമുണ്ട്. ഇത് ദൈവഭവനമാകുന്നു ഏതെങ്കിലും ഗ്രാമത്തിലോ നഗരത്തിലോ നമ്മുടെ ജമാഅത്തിന്റെ പള്ളി നിർമ്മിച്ചു കഴിഞ്ഞാൽ അവിടെ ജമാഅത്തിന്റെ അഭിവൃദ്ധിക്കു അടിത്തറയിട്ടു എന്നു മനസ്സിലാക്കിക്കൊള്ളുക. ഇനി മുസ്‌ലിംകൾ കുറവോ അല്ലെങ്കിൽ ഇല്ലാത്തതോ ആയ ഏതെങ്കിലും ഗ്രാമമോ പട്ടണമോ ആണെങ്കിൽ,അവിടെ ഇസ്‌ലാമിന് വളർച്ച നൽകണമെങ്കിൽ ഒരു പള്ളി ഉണ്ടാക്കേണ്ടതാണ്. അല്ലാഹു സ്വയം മുസ്‌ലിംകളെ വലിച്ചടുപ്പിക്കുന്നതാണ്. എന്നാൽ,പള്ളിനിർമ്മാണത്തിന്റെ ഉദ്ദേശ്യം ശുദ്ധമായിരിക്കണം. പറഞ്ഞു; അല്ലാഹുവിനു വേണ്ടി മത്രമായിരിക്കണം ചെയ്യേണ്ടത്. അതായത് പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. മാനസിക ഇച്ഛകൾക്കോ മറ്റേതെങ്കിലും പ്രശ്നങ്ങൾക്കോ ഒരിക്കലും ഇടം നൽകരുത്. അങ്ങിനെയെങ്കിൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നതാണ്.

ഹുസൂർ പറഞ്ഞു; അതുകൊണ്ട്,നാം എപ്പോഴും ഇക്കാര്യം മുന്നിൽ വയ്ക്കേണ്ടതാണ്.അതായത് നാം പള്ളി നിർമ്മിക്കുന്നു, പള്ളിക്കുവേണ്ടി സാമ്പത്തിക ത്യാഗവും ചെയ്യുന്നുണ്ട് എങ്കിലും അതിൽ കപടനാട്യം ഉണ്ടായിരിക്കരുത് മറിച്ച് പള്ളി ഉണ്ടായിക്കഴിഞ്ഞാൽ ഞങ്ങളും ഇബാദത്തിന്റെ കടമകൾ പൂർത്തിയാക്കുന്നവരാകും ഞങ്ങളുടെ വരും തലമുറയും സുരക്ഷിതരായിരിക്കുകയും ദീനിനോടു കൂടിച്ചേർന്നു നിൽക്കുന്നവരാകുകയും ചെയ്യും എന്ന നിയ്യത്താണ് ഉണ്ടായിരിക്കേണ്ടത്.

ഹുസൂർ പറഞ്ഞു; ഈ പള്ളി നിർമ്മാണത്തോടും പരിപാലനത്തോടും കൂടെ ഇവിടെ താമസിക്കുന്നവരുടെ മേൽ മറ്റൊരു ഉത്തരവാദിത്വം കൂടി വർദ്ധിച്ചിരിക്കുകയാണ്. അതായത് ഈ പള്ളിയെ ഈ നഗരത്തിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിനുള്ള ഒരു മാർഗ്ഗമാക്കിത്തീർക്കുക. 1920ൽ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് അമേരിക്കയിലേക്ക് മുബല്ലിഗായി വന്നപ്പോൾ ഇവിടെ ഫിലാഡൽഫിയായിലെ കപ്പൽതുറമുഖത്തായിരുന്നു ഇറങ്ങിയത്. പക്ഷെ അദ്ദേഹത്തിന് രാജ്യത്തിനകത്ത് പ്രവേശിക്കുവാനുള്ള അനുമതി ലഭിച്ചില്ല ആ സമയത്ത് അദ്ദേഹത്തെ ഒരു വീട്ടുതടങ്കലിലാക്കി. അവിടെ വേറെയും തടവുകാരുണ്ടായിരുന്നു.അദ്ദേഹത്തിന്റെ തബ്‌ലീഗിന്റെ ഫലമായി ഇരുപത് തടവുകാർ ഇസ്‌ലാം സ്വീകരിച്ചു.തബ്‌ലീഗിനോടൊപ്പം അദ്ദേഹത്തിന്റെ കർമ്മപരമായ മാതൃകയും ഉണ്ടായിരുന്നു,അദ്ദേഹത്തിന്റെ

തഖ്‌വയും ഉണ്ടായിരുന്നു,അദ്ദേഹത്തിന്റെ ദുആയും ഉണ്ടായിരുന്നു. തബ്‌ലീഗിനോടൊപ്പം ഇതും അത്യാവശ്യമായ സംഗതിയാണ്. പിന്നീട് അദ്ദേഹം ഇവിടെ നിന്ന കാലയളവിൽ അയ്യായിരമോ ആറായിരമോ ആളുകൾ അഹ്മദികളായി എന്നു പറയപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ സമയത്ത് പറഞ്ഞിരുന്നു; ബൈഅത്തുകളുടെ എണ്ണം ഇതുതന്നെയാണെങ്കിൽ അല്പം ദശകങ്ങൾക്കകം ഈ എണ്ണം ലക്ഷങ്ങളോളമെത്താവുന്നതാണ്. ഏതായിരുന്നാലും ആ ടാർഗറ്റു പൂർത്തിയാക്കാൻ സാധിച്ചില്ല. തടസ്സങ്ങളുണ്ടായിരുന്നു അല്ലെങ്കിൽ അവസ്ഥകൾ മോശമായിരുന്നു അതല്ലെങ്കിൽ നമ്മുടെ ബലഹീനതകളായിരുന്നു. എന്തായാലും ഇപ്പോൾ നമുക്ക് ദൃഢനിശ്ചയത്തോടുകൂടി അതിനുവേണ്ടി പരിശ്രമക്കുവാനുള്ള അവസരമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുതന്നെ ഇവിടെ സന്ദേശമെത്തിയിരുന്നു. ഇതിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തങ്ങളുടെ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ പറയുന്നു; ഡോക്ടർ ജോർജ്ജ് ബേക്കർ(നമ്പർ 404,സിസ്കെഹാനാ അവന്യൂ)ഫിലാഡൽഫിയാ അമേരിക്ക,റിവ്യൂ ഓഫ് റിലീജ്യൻ എന്ന മാഗസിനിൽ എന്റെ പേരും 'തദ്കിറ'യും വായിച്ചതിനു ശേഷം തന്റെ കത്തിൽ എഴുതുന്ന വരികൾ ഇങ്ങിനെയാണ്. 'ഞാൻ നിങ്ങളുടെ ഇമാമിന്റെ ചിന്തകളോടു പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹം മുഹമ്മദ് നബി(സ) സമർപ്പിച്ച അതേ രൂപത്തിലുള്ള ഇസ്‌ലാമിനെ ലോകത്തു സമർപ്പിക്കുകയുണ്ടായി'.

ഹുസൂർ പറഞ്ഞു; ഇന്നേക്ക് ഉദ്ദേശം നൂറുവർഷങ്ങൾക്കു മുൻപ് ഇവിടെ അഹ്മദിയ്യത്ത് വന്നിട്ടുണ്ട്. ഇപ്പോൾ അല്ലാഹു നമുക്ക് ഈനഗരത്തിൽ മനോഹരമായൊരു പള്ളി നിർമ്മിക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. ആ സ്ഥിതിക്ക് അതുമുഖേന ഇവിടത്തെ ജമാഅത്തും മുബല്ലിഗും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളും സന്ദേശവും നാലുപാടും വ്യപിക്കുന്ന തരത്തിലുള്ളതും ഈപ്രദേശത്തെ ശാന്തിസമാധാനവും ഭംഗിയും കണ്ടുകൊണ്ട് ജനങ്ങൾ ഈ പ്രദേശത്ത് താമസമാക്കാൻ ആഗ്രഹിക്കുന്ന തരത്തിലുള്ളതുമായ പ്രോഗ്രാം തയ്യാറാക്കേണ്ടതാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ നഗരങ്ങളിൽവച്ച് ആറാമത്തെ വലിയ നഗരമാണിത്. ഈ പട്ടണത്തിലും അതിന്റെ പരിസരപ്രദേശങ്ങളിലും ഇസ്‌ലാമിന്റെ ശരിയായ സന്ദേശം എത്തിച്ചു കഴിഞ്ഞാൽ പിന്നെ ഇക്കൂട്ടരിൽനിന്നും ഇൻശാ അല്ലാഹ് യഥാർത്ഥ ആബിദീങ്ങളും പള്ളികളെ ജനനിബിഡമാക്കുന്നവരുമായ ആളുകൾ ജന്മമെടുക്കുന്നതാണ്. അല്ലാഹുവിനെ ഭയക്കുന്നവരും നേർമാർഗ്ഗം പ്രാപിച്ചവരുമായിരിക്കുമവർ.

ചുരുക്കത്തിൽ ഓരോ പള്ളി നാം ഉണ്ടാക്കുമ്പോഴും നമ്മെസ്സംബന്ധിച്ച് വലിയ വെല്ലുവിളിയാണുയരുന്നത്. എന്തെന്നാൽ നാം നമ്മുടെ അവസ്ഥകളെ നന്നാക്കേണ്ടിവരും,അല്ലാഹുവുമായുള്ള ബന്ധത്തിലും മാതൃകാപരമായിട്ടുള്ള പ്രവർത്തിയിലും. സ്വന്തം അവസ്ഥകളും മെച്ചപ്പെടുത്തണം തബ്‌ലീഗ് മേഖലകളും തുറക്കണം. ഞങ്ങൾ പള്ളിയുണ്ടാക്കി എന്നതിൽ മാത്രം സന്തോഷിച്ചിരിക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ ജോലിയാണ് അവർ തങ്ങളുടെ എല്ലാ പരിശ്രമങ്ങളും കഴിവുകളുമുപയോഗിച്ച് തങ്ങളുടെ അവസ്ഥകളും ഇബാദത്തുകളും അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യയോഗ്യമായതും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ചു ഉണർത്തിയതുമായ നിലവാരത്തിലേക്കെത്തിക്കുക എന്നത്..

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറയുകയുണ്ടായി; പള്ളികളുടെ യഥാർത്ഥ ഭംഗി കെട്ടിടത്തിലല്ല മറിച്ച് ആത്മാർത്ഥതയോടെ അതിൽ നമസ്കരിക്കാൻ വരുന്ന നമസ്കാരക്കാരിലാണ്. വീണ്ടും പറഞ്ഞു;പള്ളികൾ തഖ്‌വക്കു വേണ്ടിയാണ് നിർമ്മിക്കപ്പെടേണ്ടത്. അതിനാൽ,ആത്മാർത്ഥതയോടെ നമസ്കരിക്കുകയും തഖ്‌വയിലൂടെ ചലിച്ചുകൊണ്ട് പള്ളികളെ ജനനിബിഡമാക്കുകയും ചെയ്യുകയാണെങ്കിൽ ഇബാദത്തുകളും സ്വീകരിക്കപ്പെടും അമുസ്‌ലിംകൾക്ക് ശരിയായ വിധത്തിൽ തബ്‌ലീഗ് ചെയ്യുവാനും സാധിക്കും.നബി(സ)തിരുമേനി ഒരവസരത്തിൽ പറയുകയുണ്ടായി; ആരാണോ നൻമയുടെ കര്യം പഠിക്കണമെന്ന ഇദ്ദേശ്യത്തോടെ പള്ളിയിൽ പ്രവേശിക്കുന്നത് അയാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്തവനെപ്പോലെയാണ്.

ഹുസൂർ പറഞ്ഞു; ഇസ്‌ലാം ജിഹാദിനുള്ള അദ്ധ്യാപനം നൽകുന്നുവെന്നു പറഞ്ഞ് ഇക്കാലത്ത് ഇസ്‌ലാമിനു ദുഷ്പേരുണ്ടാക്കുന്നു. ചില മുസ്‌ലിംകളുടെ ചെയ്തികളും ഈ ദുഷ്പേരിനു കാരണമായിരിക്കുന്നു. എന്നാൽ,ഒരു യഥാർത്ഥ വിശ്വാസിയുടെ ജോലി നന്മകൾ പഠിക്കുകയും നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. നന്മകൾ പ്രചരിപ്പിക്കുക എന്നത് ജിഹാദു ചെയ്യുന്നതുപോലെയാണ്.ഈ ജിഹാദ് ചെയ്യുക എന്നുള്ളത് ഇക്കാലത്ത് നാം അഹ്മദികളുടെ ജോലിയാണ്.

ഹുസൂർ പറഞ്ഞു; ഓരോ അഹ്മദിക്കും ഈ ദുനിയാവിലെ ചിന്തകളും ആഗ്രഹങ്ങളും മാത്രമാവരുത് ഉണ്ടാകേണ്ടത് മറിച്ച് പരലോകത്തെക്കുറിച്ചുള്ള ചിന്തയാണുണ്ടാകേണ്ടത്. അവിടെയുള്ള പാരിതോഷികങ്ങളും ഗുണങ്ങളും എന്നെന്നും നിലനിൽക്കുന്നവയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു; അല്ലാഹുവും മനുഷ്യന്റെ ദിനക്കുറിപ്പുകൾ ഉണ്ടാക്കുന്നു. അതുകൊണ്ട് മനുഷ്യനും തന്റെ അവസ്ഥകളുടെ ദിനക്കുറിപ്പുകൾ തയ്യാറാക്കേണ്ടതാണ്.മനുഷ്യന്റെ ഇന്നും നാളെയും ഒരേപോലെയാവാൻ പാടില്ല.ആരുടെയാണോ ഇന്നും നാളെയും നൻമയിലുള്ള അഭിവൃദ്ധിയുടെ കാര്യത്തിൽ തുല്യമായിട്ടുള്ളത് അവൻ നഷ്ടത്തിലാണ്. മനുഷ്യൻ ദൈവത്തെ അംഗീകരിക്കുന്നവനും അവനിൽ പരിപൂർണ്ണമായ വിശ്വാസവുമുള്ളവനാണെങ്കിൽ അവൻ ഒരിക്കലും പാഴായിപ്പോവുകയില്ല. വളരെ ചിന്തിക്കേണ്ട അവസരമാണിത്. അല്ലാഹു നമ്മുടെമേൽ അനുഗ്രഹം ചൊരിയുമ്പോൾ അതിനു കൃതജ്ഞത കാണിക്കുക എന്നത് നമ്മുടെ കടമയാണ്. അതുകൊണ്ട് തങ്ങളുടെ ഭൗതീകമായ വ്യവഹാരങ്ങൾ കാരണമായി അല്ലാഹുവിനോടുള്ള കടമകളും തങ്ങളുടെ ഇബാദത്തുകളും മറന്നുപോകുന്നുവോ അതല്ലെങ്കിൽ അതിലേക്കു വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലായെങ്കിൽ അവർ ആത്മപരിശോധന നടത്തേണ്ടതാണ് നമ്മൾ ചെയ്ത

ബൈഅത്തിന്റെ പ്രതിജ്ഞകൾ എന്താണ് നമ്മുടെ കർമ്മങ്ങൾ എന്തെല്ലാമാണ് എന്ന്. ഇവിടെ പുതിയതായി വന്നിട്ടുള്ളവരും ഓർമ്മവയ്ക്കുക,ലൗകികതയിൽ മുങ്ങിത്താഴുക എന്നത് പുരോഗതിയല്ല മറിച്ച് തകർച്ചയാണ്. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽക്കുന്നവരാകണം എന്ന കാര്യം എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്.പള്ളികളോടുള്ള കടമകൾ പാലിക്കുന്നവരാകണം അല്ലാഹുവിനോടുള്ള ആരാധനകളുടെ കടമകൾ നിറവേറ്റുന്നവരാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; ഓർത്തുകൊള്ളുക നമ്മുടെ ജമാഅത്ത് ഒരു സാധാരണ ലൗകീകനെപ്പോലെ ജീവിതം കഴിച്ചുകൂട്ടാൻ വേണ്ടിയുള്ളതല്ല. നിങ്ങൾ നാവുകൊണ്ടു മാത്രം എറ്റുപറയുന്നവരും കർമ്മംകൊണ്ട് ഒന്നും ചെയ്തുകാണിക്കാത്തവരുമാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കൊള്ളരുതാത്ത അവസ്ഥയാണത്. അല്ലാഹു അതിഷ്ടപ്പെടുന്നില്ല. അല്ലാഹു എന്നെ സംസ്കരണത്തിനായി എഴുന്നേല്പിച്ചതും ലോകത്തിന്റെ ഈയൊരവസ്ഥയുടെ തേട്ടമാണ്. ഓർമ്മിച്ചുകൊള്ളുക അല്ലാഹു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ജമാഅത്ത്, അത് കർമ്മങ്ങൾ കൂടാതെ നിലനിൽക്കുകയില്ല. ഹദ്റത്ത് ആദമിന്റെ കാലംതൊട്ടേ തയ്യാറെടുപ്പ് ആരംഭിച്ച ആ മഹത്തായ ജമാഅത്താകുന്നു ഇത്. ഇതിനെക്കുറിച്ച് അറിവു നൽകാത്തതായ ഒരു പ്രവാചകനും ലോകത്തു വന്നിട്ടില്ല. അതുകൊണ്ട് അതിനെ വിലമതിക്കുക. അതിനെ വിലമതിക്കുക എന്നതിതാണ്. അതായത് സത്യവാൻമാരുടെ സംഘം നിങ്ങൾത്തന്നെയാണെന്ന് സ്വന്തം കർമ്മങ്ങൾകൊണ്ട് സ്ഥാപിച്ചു കാണിക്കുക. ചുരുക്കത്തിൽ,ഇതൊരു നിസ്സാര ജോലിയല്ല. വളരെ ഗൗരവമായി ചിന്തിച്ചുകൊണ്ട് ഇക്കാര്യത്തിലേക്കു ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ദുനിയാവും ദുനിയാവിലെ സമ്പത്തും നമ്മുടെയും നമ്മുടെ മക്കളുടെയും മോക്ഷത്തിനു ജാമ്യം നൽകുന്നതല്ല എന്നത് എപ്പോഴും ഓർക്കുക. മറിച്ച് ഇരുലോകത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും കരസ്ഥമാക്കുന്നതിനായി അല്ലാഹുവുമായി ബന്ധം സ്ഥാപിക്കലാണ് മോക്ഷത്തിനുള്ള ജാമ്യം.അവന്റെ കല്പനകളിലൂടെ ചലിക്കുന്നതിലാണ് മോക്ഷത്തിനുള്ള ജാമ്യം.

അല്ലാഹു നമുക്കേവർക്കും അതനുസരിച്ചു ജീവിക്കുവാനുള്ള തൗഫീഖ് തന്നരുളുമാറാകട്ടെ.

ഹുസൂർ പറഞ്ഞു; പള്ളിയെ സംബന്ധിച്ച് അല്പം കാര്യങ്ങൾ കൂടി ഞാൻ പറയാം. 2007ൽ ആയിരുന്നു പള്ളിക്കുവേണ്ടി സ്ഥലം വാങ്ങിയിരുന്നത്. 2013ൽ അതിൽ പണി ആരംഭിച്ചു ഇപ്പോൾ ഈ വർഷമാണ് പള്ളിപണി പൂർത്തിയായത്. 8.1 മില്യൺ ഡോളർ ചിലവായി അതിൽ 2 മില്യൺ നാലു ലക്ഷത്തി മുപ്പത്തിഅഞ്ചായിരത്തിൽ കൂടുതൽ ഡോളർ പ്രാദേശിക ജമാഅത്ത് നൽകി. ഒരു മില്യൺ, രണ്ടു ലക്ഷത്തി നാൽപതിനായിരത്തിൽ കൂടുതൽ അമേരിക്കയിലെ മറ്റു ജമാഅത്തുകൾ നൽകി. 4 മില്യൺ, നാലു ലക്ഷത്തി നാൽപത്തി ഏഴായിരത്തിൽ കൂടുതൽ നാഷണൽ ഹെഡ് ക്വാർട്ടർ നൽകുകയുണ്ടായി. ഇതിന്റെ ആകെ ചുറ്റളവ് നാല് ഏക്കറാണ്. പള്ളിയുടെ ഭാഗം രണ്ടുനിലയാണ്. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി അയ്യായിരം ചതുരശ്ര അടിയുള്ള ഒരു വലിയ ഹാൾ ഉണ്ട്.

അല്ലാഹു എല്ലാ അഹ്മദികളെയും പള്ളി നിർമ്മാണത്തിന്റെ ലക്ഷ്യം പൂർത്തിയാക്കുന്നവരാക്കട്ടെ. അതുപോലെ,ഈ പള്ളി ഈപ്രദേശത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം പ്രചരിപ്പിക്കുവാൻ ഒരു നാഴികക്കല്ലായിത്തീരട്ടെ.(ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baitul Aafiyat Mosque,Philadelphia – on 19.10.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516